# ആത്മരക്ഷയും ജീവിതവും

ഈ ഭൂമിയിലെ ജീവിതം
നൈമിഷികവും നശ്വരവുമാണ്.
ഇതിനുശേഷമുള്ള അനന്തകാല
ജീവിതത്തിൽ പക്ഷെ നമ്മുടെ
സ്ഥാനമെന്തായിരിക്കണമെന്ന്
നിർണ്ണയിക്കപ്പെടുന്നത് ഈ
ഭൂമിയിൽ വച്ചുതന്നെയാണ്.
അതുകൊണ്ടുതന്നെ ആ തീരുമാനം
ഏറെ ഗൗരവകരമാണ്.
തീരുമാനം എടുക്കുന്നതിന് മുൻപ്
ഈ കുറിപ്പ് വായിക്കൂ..
ഇത് നിത്യമോദത്തിലേക്കുള്ള
കൈചൂണ്ടിയാണ്.

◆

അനശ്വരമായ
ആത്മാവിന്റെ
രക്ഷയും
അനുഗ്രഹ
പൂർണ്ണമായ
ഒരു
ജീവിതവും
സമ്പാദിക്കുന്ന
തെങ്ങനെ ?

◆

കെ. ജി. കുര്യൻ



# ആത്മരക്ഷയും ജീവിതവും

കെ. ജി. കുര്യൻ

അദ്ധ്യായം 1

# ആത്മരക്ഷയും ജീവിതവും

ആത്മരക്ഷയ്ക്കായുള്ള ആഗ്രഹം ഇല്ലാത്തവരില്ല. എന്നാൽ അതിനുള്ള മാർഗ്ഗമെന്താണ്? ആത്മരക്ഷ പ്രാപിക്കണം, മുക്തിനേടണം, മോക്ഷം പ്രാപിക്കണം, രക്ഷ ലഭിക്കണമെന്നൊക്കെ പറയുമ്പോൾ ഒരു പ്രധാന ചോദ്യം മുമ്പിൽ പൊന്തിവരുന്നു. ഏതിൽനിന്നുള്ള മുക്തിയാണ്? ഏതിൽ നിന്നുള്ള രക്ഷയാണ്? മതങ്ങൾ പഠിപ്പിക്കുന്ന വസ്തുതകളുടെ വെളിച്ചത്തിലും നമ്മുടെ അനുഭവം കൊണ്ടു നോക്കിയാലും പാപപ്രശ്നത്തിനുള്ള പരിഹാരമായിരിക്കണം ഈ രക്ഷ.

നമ്മുടെ അസമാധാനത്തിന്റെയും അസ്വസ്ഥതകളുടേയും മൂലകാരണമാണ് പാപം. പാപികളുടെ രക്ഷകനായി വെളിപ്പെട്ടിരിക്കുന്നതു യേശുക്രിസ്തു മാത്രമാണ്. ലോകരക്ഷകനെന്ന പേര് യേശുക്രിസ്തുവിനു മാത്രമുള്ളതാണ്. പാപികളെ രക്ഷിക്കുന്നതിലാണു താൻ ലോകരക്ഷകനായിരിക്കുന്നത്. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു (1തിമോ. 1:15) എന്നാണു ക്രിസ്തുവിന്റെ പ്രമുഖ ശിഷ്യനായ പൗലൊസ് പറഞ്ഞിരിക്കുന്നത്. അതിനാൽ ക്രിസ്തു മൂലമുള്ള രക്ഷ എങ്ങനെയെന്നു നമുക്കു പരിശോധിക്കാം.

ദൈവവചനമാകുന്ന ബൈബിളിലെ വാക്യങ്ങളെയാണു നാം തെളിവുകളായി അംഗീകരിക്കുന്നത്. മനുഷ്യൻ പാപിയാണെന്നു മാത്രമല്ല ജന്മനാ പാപിയാണ്. നാം പാപികളായിട്ടാണു ലോകത്തിൽ ജനിക്കുന്നത്. അതിനു കാരണം ആദ്യമനുഷ്യനായ ആദാം പാപം ചെയ്ത് പാപിയായതാണ്. അതുകൊണ്ടു ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു (റോമ. 5:12). ആദാമിന്റെ മക്കളാണ് സകല മനുഷ്യരും. തൻനിമിത്തം ആദാമിന്റെ മക്കളെല്ലാം ആദാമിന്റെ പാപപ്രകൃതിയിൽ ഓഹരി ലഭിച്ചവരായിട്ടാണു ലോകത്തിൽ ജനിക്കുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം പാപപ്രവൃത്തികൾ ചെയ്തു പാപികളായതല്ല, പാപപ്രകൃതിയോടുകൂടി ജനിച്ചുപോയതിനാൽ പാപപ്രവൃത്തികൾ ചെയ്തു പോകയാണ്. പാപമാകുന്ന മൂലപ്രകൃതിയുള്ളതിനാൽ പാപങ്ങളാകുന്ന ഫലങ്ങൾ ഉളവാകുന്നു.

**1. പാപം :** പാപം എന്നതിനു ഒരു വിശദീകരണം ആവശ്യമാണ്. പാപം അനുസരണക്കേടാണ്; പാപം ദൈവത്തോടുള്ള ശത്രുതയാണ്; പാപം കല്പനാലംഘനമാണ്; പാപം ദൈവത്തിന്റെ ലക്ഷ്യത്തിൽ നിന്നു നാം അകന്നു പോകുന്നതാണ്. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ

തേജസ്സില്ലാത്തവരായിത്തീർന്നു (റോമ. 3:23). പാപത്തിനു ജാതിവ്യത്യാസമോ മതവ്യത്യാസമോ ഇല്ല. പാപം നിമിത്തം ദൈവതേജസ്സ് നഷ്ടപ്പെട്ടു. പാപത്തിന്റെ ശമ്പളം മരണമത്രേ (റോമ. 6:23). ദൈവദൃഷ്ടിയിൽ നാം എല്ലാവരും പാപികളായി എന്നുവെച്ചാൽ എല്ലാവരും ഒരുപോലെയുള്ള ദുഷ്ക്കർമ്മങ്ങൾ ചെയ്യുന്നു എന്നല്ല, ഏത് ദുഷ്ക്കർമ്മവും ചെയ്യാവുന്ന സാദ്ധ്യതയോടു കൂടിയ ഒരു പ്രകൃതിയുടെ ഉടമസ്ഥരായിത്തീർന്നിരിക്കയാണ് നാം. ആദാമിന്റെ ലംഘനമാണ് നാം പാപികളാകാൻ കാരണമാക്കിയത്.

നാം പാപികളായി ജനിച്ചതു നമ്മുടെ പ്രവൃത്തി കൊണ്ടല്ല, ആദാമിന്റെ പ്രവൃത്തിയാലാണ്. പാപത്തിന്റെ ശിക്ഷയായ മരണത്തിൽ നിന്നു വിടുതൽ പ്രാപിക്കുന്നതിന് നമ്മുടെ പ്രവൃത്തികൾ പോരാ. പാപികളെന്ന നിലയിൽ നാം കുറ്റക്കാരാണ്. ദൈവസന്നിധിയിൽ ശിക്ഷായോഗ്യരാണ്. നമ്മുടെ മനസ്സാക്ഷിയും ഈ സത്യം നമ്മോടു പറയുന്നു. ശിക്ഷയെപ്പറ്റിയുള്ള ഭയമാണ് അസമാധാനത്തിനു കാരണം. ലോകത്തിൽ ഇന്നു കാണുന്ന സകല വിദ്വേഷവും പകയും അക്രമവും പാപത്തിന്റെ ഫലങ്ങളാണ്. പാപമെന്ന വസ്തുതയെ നിഷേധിക്കുന്നതു കൊണ്ടു പ്രയോജനമില്ല. പാപികൾ പലതരമുണ്ട്. മതഭക്തരും അല്ലാത്തവരുമായ പാപികൾ, ആസ്തികരും നാസ്തികരുമായ പാപികൾ, പണ്ഡിതരും പാമരന്മാരുമായ പാപികൾ, ധനവാന്മാരും ദരിദ്രന്മാരുമായ പാപികൾ ഇങ്ങനെ പല ചിന്താഗതിക്കാരും, ഉയർച്ച താഴ്ചകളോടു കൂടിയവരുമായ പാപികളുമുണ്ട്. എന്നാൽ ദൈവസന്നിധിയിൽ എല്ലാവരും പാപികൾ മാത്രം.

ആദാമിന്റെ ലംഘനമാണ് നാം പാപികളായിത്തീരാൻ കാരണം എന്ന് നാം കണ്ടു. പാപികൾ എന്ന നിലയിൽ നാം ദൈവസന്നിധിയിൽ കുറ്റക്കാരും ശിക്ഷായോഗ്യരുമാണ്. ബൈബിൾ പറയുന്നു: "പാപത്തിന്റെ ശമ്പളം മരണമത്രെ" (റോമ. 6:23). ഇത് കേവലം ശാരീരിക മരണത്തെ മാത്രമല്ല, ദൈവത്തിൽ നിന്നും എന്നേയ്ക്കുമായി വേർപെട്ട്, തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ നിത്യകാലം യാതന അനുഭവിച്ച് നരകിക്കുന്ന രണ്ടാം മരണത്തെക്കൂടി വിവക്ഷിക്കുന്നു. ഇങ്ങനെയുള്ള കഠിന ശിക്ഷയ്ക്ക് ഓരോ പാപിയും വിധിക്കപ്പെട്ടിരിക്കുന്നു.

**2. ഇതിന് പരിഹാരമുണ്ടോ?** മനുഷ്യൻ പല മാർഗ്ഗങ്ങൾ ആരാഞ്ഞു നോക്കി. ഇപ്പോഴും നോക്കുന്നു. പക്ഷേ ഫലമില്ല. മനുഷ്യൻ ജന്മനാ പാപി ആയതിനാൽ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പാപം കലർന്നിരിക്കുന്നു. ഇച്ഛാശക്തി കൊണ്ട് പാപത്തെ ജയിക്കാമെന്ന സദുദ്ദേശത്തോടെ പലരും ഉറച്ച തീരുമാനങ്ങൾ ചെയ്യുന്നു. എന്നാൽ മണിക്കൂറുകൾക്കകം അവ ലംഘിക്കപ്പെടുന്നു. ഇതു മാത്രമല്ല, നാം നേരത്തെ ചെയ്തു പോയ പാപത്തിന് എന്താണ് പരിഹാരം? അധർമ്മം ചെയ്യാൻ മനുഷ്യന് അവകാശമില്ല എന്നിരിക്കെ, എത്രയോ അധർമ്മ പ്രവൃത്തികളാണ് നാം ദിനംപ്രതി ചെയ്യുന്നത്. ഇതിനെന്താണ് പരിഹാരം?



**3. ഒരേയൊരു പരിഹാരം മാത്രം:** അതാണ് ലോകരക്ഷകനായ യേശുക്രിസ്തു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" എന്ന പ്രവചനം നിവർത്തിച്ചുകൊണ്ട് കന്യക മറിയമിൽ പരിശുദ്ധാത്മ ശക്തിയാൽ യേശു ജനിച്ചതിനാൽ യേശു ആദാമ്യ പാപത്തിന് ഓഹരിക്കാരനല്ല. പാപം അറിയാതെ, പാപം ചെയ്യാതെ ജീവിച്ച യേശു ലോകത്തോട് ചോദിച്ചു : "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു?" (യോഹ. 8:46).

യേശുവിനെ ഒറ്റിക്കൊടുത്ത യൂദ പറഞ്ഞത് "ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു" എന്നാണ് (മത്താ. 27:4). യേശുവിനെ ക്രൂശിൽ തറച്ചു കൊല്ലുവാൻ വിധിച്ച പീലാത്തോസ് പ്രഖ്യാപിച്ചത്; "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" എന്നത്രെ (യോഹ. 19:4).

ജനനത്തിലും ജീവിതത്തിലും പാപമില്ലാതിരുന്ന, ദൈവപുത്രനായ യേശുക്രിസ്തു എന്തുകൊണ്ട് മരിച്ചു? അധർമ്മികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ട് ചെകിട്ടത്ത് അടിയേറ്റ്, മുഖത്ത് തുപ്പലേറ്റ്, ചാട്ടവാറിനാൽ അറിയേറ്റ് പുളഞ്ഞ്, മുൾക്കിരീടം ധരിച്ച്, നിന്ദിതനും വെറുക്കപ്പെട്ടവനുമായി, യേശുക്രിസ്തു കൊലക്കളത്തിലേക്ക് നയിക്കപ്പെട്ടത് എന്തിന്? കണ്ടാൽ ആളല്ല എന്ന തോന്നുമാറ് ഭേദ്യമേറ്റ്, രണ്ടു കള്ളന്മാരുടെ നടുവിൽ അപമാനിതനായി ക്രൂശിക്കപ്പെട്ട് ജീവൻ വെടിയാൻ ഇടയായത് എന്തുകൊണ്ട്? ഒരേയൊരു ഉത്തരം മാത്രം. യേശുക്രിസ്തു നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേൽക്കയും നമ്മുടെ ലംഘനങ്ങൾ നിമിത്തം തകർക്കപ്പെടുകയുമായിരുന്നു. ബൈബിൾ പറയുന്നു "എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്തയാഗം കൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി" (എബ്രാ. 9:26). ക്രിസ്തുവിന്റെ പാവനമായ ശരീരവും പ്രാണനും മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്ക് വേണ്ടി പ്രായശ്ചിത്തയാഗമായിത്തീരുകയായിരുന്നു.

നീതിമാനായ ക്രിസ്തു നീതികെട്ട പാപികളുടെ സ്ഥാനത്ത് അവർക്ക് പകരമായി മരിച്ചു. തന്റെ അനന്ത വ്യക്തിത്വം സകല പാപികളുടേയും അനന്തമായ നരക ശിക്ഷയുടെ വേദന അനുഭവിച്ചു തീർത്തു. മനുഷ്യവർഗ്ഗം പാപശിക്ഷയായി ഒടുക്കേണ്ടിയിരുന്ന പിഴ മുഴുവൻ അവർക്ക് പകരമായി യേശുക്രിസ്തു കൊടുത്തു തീർത്തു. ഓരോ മനുഷ്യനേയും പാപത്തിന്റെ മാലിന്യത്തിൽ നിന്നും നിർമ്മലീകരിക്കേണ്ടതിനു വേണ്ടി തന്റെ വിശുദ്ധ രക്തം മുഴുവൻ ചൊരിഞ്ഞു.

മാനവജാതിയുടെ പാപത്തിന് പരിഹാരം വന്നു എന്നതിന്റെ തെളിവായി യേശുക്രിസ്തു അടക്കപ്പെട്ട കല്ലറയിൽ നിന്ന് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു. "മരിച്ചിട്ട് ഉയിർത്തെഴുന്നേല്ക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു" (റോമ. 1:5). യേശു തേജസ്കരിക്കപ്പെട്ട ശരീരത്തോടെ സ്വർഗ്ഗാരോഹണം ചെയ്തു. പാപികളെ രക്ഷിപ്പാൻ കഴിവുള്ളവനായി ജീവിക്കുന്നു.

അങ്ങനെ ആദാമിന്റെ ലംഘനം നമ്മെ പാപികളാക്കിയതു പോലെ ക്രിസ്തുവിന്റെ അനുസരണം നമ്മെ നീതിമാന്മാരാക്കുന്നു. പാപിയായ എന്റെ സ്ഥാനത്ത് എനിക്കുള്ള ശിക്ഷയാകുന്ന മരണം സ്വയം ഏറ്റെടുത്ത് എനിക്ക് പകരമായി ക്രിസ്തു മരിച്ചു എന്നും പാപപരിഹാരം വരുത്തിക്കൊണ്ട് താൻ ഉയിർത്തെഴുന്നേറ്റു എന്നും വിശ്വസിച്ച് യേശുക്രിസ്തുവിനെ കർത്താവായി അംഗീകരിച്ച് ആശ്രയിച്ച് ഏറ്റുപറയുന്നതാണ് ഏക രക്ഷാമാർഗ്ഗം. യേശു ക്രിസ്തു ഒരുക്കിയ രക്ഷാമാർഗ്ഗത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്ക് പാപമോചനവും നീതീകരണവും മാത്രമല്ല, ആത്മരക്ഷയിൽ അടങ്ങിയിരിക്കുന്ന അനവധിയായ സ്വർഗ്ഗീയ അനുഗ്രഹങ്ങളും ലഭിക്കുന്നു. അവർക്ക് നിത്യമായ മരണത്തിൽ നിന്നുള്ള വിടുതലും ദൈവത്തോടു കൂടെ നിത്യമായി ജീവിക്കുന്നതിനുള്ള അവകാശവും ലഭിക്കുന്നു.

**4. രക്ഷ വിശ്വാസത്താലാണ്, പ്രവൃത്തിയാലല്ല:** രക്ഷ നമ്മുടെ സ്വന്തമാക്കേണ്ടതു വിശ്വാസത്താലാണ്. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (പ്രവൃ. 16:31). നാം പാപികളാണെന്നും ആദാമിന്റെ ലംഘനം മൂലമാണ് പാപികളായതെന്നും ദൈവവചനത്തിനുള്ള വിശ്വാസത്താലാണറിയുന്നത്. അതുപോലെ ദൈവ വചനത്തിലുള്ള വിശ്വാസത്താലാണു രക്ഷ നമ്മുടെ സ്വന്തമാക്കേണ്ടതെങ്ങ നെയെന്നും അറിയുന്നത്. രക്ഷയ്ക്കായി യേശുക്രിസ്തുവിൽ വിശ്വസിക്കാൻ ദൈവം കല്പിച്ചിരിക്കുന്നു. അവന്റെ കല്പനയോ അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ നാം വിശ്വസിക്കണം എന്നുള്ളതാണ് എന്ന് 1 യോഹ. 3:23-ൽ പറയുന്നു. "വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്ത മാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമ. 3:25).

രക്ഷ വിശ്വാസത്താലാണ്, എന്നു വെച്ചാൽ പ്രവൃത്തിയാലല്ല എന്നു സാരം. ക്രിസ്തു നമ്മുടെ പാപത്തിനു വേണ്ടി മരിച്ചു എന്നും ക്രിസ്തുവിന്റെ മരണ ത്താൽ നമ്മുടെ (എന്റെ) പാപത്തിനു പരിഹാരം വന്നു എന്നും വിശ്വസി ക്കണം. വിശ്വസിക്ക എന്നതും ഒരുപ്രവൃത്തിയല്ലയോ എന്നു തോന്നിയേക്കാം. ഒരാൾ ഒരു ദാനം തന്നാൽ കൈ നീട്ടി അതു വാങ്ങുന്നതു പോലെയാണ് വിശ്വസിക്ക എന്നു പറയുന്നത്. രക്ഷ ദൈവത്തിന്റെ ദാനമാണ്. നാം വിശ്വാ സത്തിന്റെ കൈനീട്ടി അതു വാങ്ങുന്നു എന്നേയുള്ളൂ. വിശ്വാസം രക്ഷയെ ഉത്ഭവിപ്പിക്കുന്നില്ല. രക്ഷയെ സ്വീകരിക്കുന്നതിനു മുഖാന്തരം ആകുന്നതേ യുള്ളൂ. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശം സിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെ. 2:8,9).

**5. രക്ഷ കൃപയാലാണ്:** രക്ഷ കൃപയാലാണ് എന്നു പറഞ്ഞാൽ ദൈവം നമ്മെ രക്ഷിക്കുന്നതു നമ്മുടെ യോഗ്യതയെ അടിസ്ഥാനമാക്കിയല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ രക്ഷ നാം അർഹിക്കുന്നതല്ല. പാപികളെന്ന നിലയിൽ നാം ന്യായമായി അർഹിക്കുന്നതു ശിക്ഷയാണ്. എന്നാൽ ദൈവം



നമ്മെ രക്ഷിപ്പാൻ ഒരു മാർഗ്ഗമൊരുക്കിയതു തന്റെ കൃപ ഒന്നുകൊണ്ടുമാത്ര മാണ്. അനർഹമായ കരുണയാണ് കൃപ. 'സകലമനുഷ്യർക്കും രക്ഷാകര മായ ദൈവകൃപ ഉദിച്ചുവല്ലോ' (തീത്തോ. 2:11). 'അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രേ രക്ഷിച്ചത്' (തീത്തോ.3:5).

**6. രക്ഷ ക്രിസ്തുവിലാണ്, ക്രിസ്തുവിൽ മാത്രമാണ്:** ഏതു മതത്തിലാണു രക്ഷയെന്നോ ഏതു സഭയിലാണ് രക്ഷയെന്നോ ചോദിക്കു ന്നവരുണ്ട്. ഒരു മതത്തിലും രക്ഷയില്ല, ഒരു സഭയിലും രക്ഷയില്ല, ഒരു കർമ്മ ത്തിലും രക്ഷയില്ല, രക്ഷിക്കുവാൻ ഇതൊന്നിനും കഴികയില്ല. രക്ഷിക്കാൻ കഴിയുന്ന ഒരു പുരുഷനുണ്ട്, ഒരു രക്ഷകനുണ്ട്. അവനാണ് ക്രിസ്തു. രക്ഷ യേശുക്രിസ്തുവിലാണ്, ക്രിസ്തുവിൽ മാത്രമാണ്. രക്ഷ ക്രിസ്തുവിലും ക്രിസ്തുമതത്തിലും കൂടിയല്ല, രക്ഷ ക്രിസ്തുവിലും സഭയിലും കൂടിയല്ല, രക്ഷ ക്രിസ്തുവിൽ മാത്രമാണ്. 'മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്ക പ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല' (പ്രവൃ. 4:12). ഒരു കർമ്മവും രക്ഷിക്കയില്ല. മാമ്മോ ദീസായോ കുർബ്ബാനയോ രക്ഷിക്കയില്ല, സ്നാനമോ സത്യകർമ്മമോ രക്ഷി ക്കയില്ല, സാക്രമെന്തുകളോ പുരോഹിതന്മാരോ രക്ഷിക്കയില്ല. പുണ്യവാള ന്മാരോ ദൂതന്മാരോ രക്ഷിക്കയില്ല. യേശുക്രിസ്തു മാത്രമാണ് രക്ഷകൻ. താൻ മാത്രമാണ് ലോകരക്ഷകൻ, വേറെയാരുമില്ല. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹ. 14:6).

## അദ്ധ്യായം 2

# രക്ഷയിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ:

**1. മാനസാന്തരം :** മാനസാന്തരമെന്നു പറഞ്ഞാൽ വെറും അനുതാപ മല്ല, അനുതാപത്തോടുകൂടിയ മനംതിരിവാണ്. പാപത്തെ വിട്ടു ദൈവത്തി ങ്കലേക്കു തിരിയുക. മതപരിവർത്തനമോ സഭാപരിവർത്തനമോ അല്ല, സാക്ഷാൽ മന:പരിവർത്തനമാണാവശ്യം. 'അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തര പ്പെടേണമെന്നും മനുഷ്യരോടു കല്പിക്കുന്നു' (പ്രവൃ. 17:30). ദൈവത്തിങ്ക ലേക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലെ വിശ്വാസവും (പ്രവൃ. 20:21) രക്ഷയ്ക്കാവശ്യമാണ്. പാപത്തെക്കുറിച്ചുള്ള അനുതാപവും പാപത്തോടുള്ള വെറുപ്പും മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്നു. യൂദാ അനുതപിച്ചു. എന്നാൽ മാനസാന്തരപ്പെട്ടില്ല. പത്രോസ് അനുതപിക്കുകയും മാനസാന്തര പ്പെടുകയും ചെയ്തു. ഒരുവനിൽ പാപബോധം ഉളവായിക്കഴിയുമ്പോൾ മാന സാന്തരം നടക്കുന്നു. രക്ഷ പ്രാപിക്കാൻ എന്തുചെയ്യണമെന്നു കാരാഗൃഹ

പ്രമാണി ചോദിച്ചപ്പോൾ 'കർത്താവായ യേശുവിൽ വിശ്വസിക്ക' എന്നായിരുന്നു പൗലൊസിന്റെ മറുപടി (പ്രവൃ. 16:30,31). അവനോടു മാനസാന്തരത്തെപ്പറ്റി ഒന്നും പറഞ്ഞില്ല. കാരണം, അവന്റെ ചോദ്യം മാനസാന്തരത്തിന്റെ ഫലമായിരുന്നു.

**2. പാപമോചനം :** നാം രക്ഷിക്കപ്പെടുമ്പോൾ നമ്മുടെ അനുഭവത്തിൽ ആദ്യം അറിയാൻ കഴിയുന്നതു പാപമോചനത്തിന്റെ (പാപക്ഷമയുടെ) സന്തോഷമാണ്. പാപികൾ എന്ന നിലയിൽ ശിക്ഷാർഹരാണെന്ന വസ്തുതയാണ് പാപബോധത്താൽ ദൈവാത്മാവു നമ്മിൽ ബോദ്ധ്യപ്പെടുത്തുന്നത്. ക്രിസ്തുവിലെ വിശ്വാസത്താൽ പാപശിക്ഷയ്ക്കു മോചനം ലഭിക്കുന്നതാണ് പാപമോചനത്തിന്റെ സാരം. കർത്താവിന്റെ അടുക്കൽ വന്ന പാപിയായ സ്ത്രീയോട് 'നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു' (ലൂക്കോ. 7:48) എന്നാണ് പറഞ്ഞത്. 'അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്' (എഫെ. 1:7). ഒരു പാപി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവന്റെ സകല പാപങ്ങൾക്കും മോചനം ലഭിക്കുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും (പ്രവൃ. 10:43).

**3. നീതീകരണം :** നീതീകരണം എന്നുവെച്ചാൽ നീതിമാനാക്കുക എന്നല്ല, കുറ്റം ചെയ്തിട്ടില്ലാത്ത നിർദോഷിയെന്നു വിധി പ്രസ്താവിക്കലാണ്. ശിക്ഷാവിധിക്കെതിരെ തീർപ്പാണു നീതീകരണം. 'നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ?' (റോമ. 8:33,34). ചുരുക്കത്തിൽ ശിക്ഷാവിധിക്കെതിരായ വിധിയാണ് നീതീകരണം.

ആരെയാണു നീതീകരിക്കുന്നത്? അഭക്തനെ എന്നാണ് റോമാലേഖനം പറയുന്നത്. 'അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു' (റോമ. 4:5). ചുങ്കക്കാരന്റെയും പരീശന്റെയും ദൃഷ്ടാന്തം കർത്താവു പറഞ്ഞത് ഇക്കാര്യത്തെ തെളിയിക്കാനാണ് (ലൂക്കോ. 18:10-14). പരീശൻ നീതിമാനാണെന്നു തെളിയിക്കാൻ ശ്രമിച്ചു. ചുങ്കക്കാരൻ പാപഭാരത്താൽ മാറത്തടിച്ചു. 'ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ' എന്നു മാത്രം പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. നീതീകരണം പാപക്ഷമയിലുപരിയായ ഒന്നാണ്. ഒരു പാപി യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവനെ പാപം ചെയ്തിട്ടില്ലാത്തവനെന്ന പോലെ ദൈവം കണക്കാക്കി സ്വീകരിക്കുന്നതാണു നീതീകരണം.

## 4. നീതീകരണവും പാപമോചനവും തമ്മിലുള്ള വ്യത്യാസം:

പാപക്ഷമ പാപകുറ്റത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതലാണ്, നീതികരണം പാപകുറ്റത്തിൽ നിന്നു തന്നെയുള്ള വിടുതലാണ്. ചെയ്ത കുറ്റത്തിന്റെ ശിക്ഷയ്ക്ക് ഇളവുകൊടുക്കുന്നതാണു പാപമോചനം. പാപം ചെയ്തിട്ടേയില്ല



എന്നു പറയുന്നതാണ് നീതികരണം. ക്രിസ്തുവിൽ നമുക്കു പാപമോചനം മാത്രമല്ല നീതീകരണവും ദൈവം കരുതിയിരിക്കുന്നു..... ശലോമോന്റെ പ്രാർത്ഥനയിൽ 'ദുഷ്ടനെ ശിക്ഷിക്കയും നീതിമാനെ നീതീകരിക്കയും ചെയ്യുന്ന ദൈവമെന്നു' (1 രാജാ. 8:32) പറയുന്നു. പുതിയ നിയമത്തിലാകട്ടെ ദൈവം ശിക്ഷായോഗ്യനെ (അഭക്തനെ) ക്രിസ്തുമൂലം നീതീകരിക്കുന്നു. നീതീകരണം കൃപയാൽ (റോമ.3:24); വിശ്വാസത്താൽ (റോമ. 3:28); രക്തത്താൽ (റോമ. 5:9). നീതീകരണത്തിന്റെ ഉത്ഭവം ദൈവകൃപയാണ്. നീതീകരണം സാദ്ധ്യമാക്കിത്തീർത്തതു രക്തമാണ്. നീതീകരണം നമ്മുടെ വകയായിത്തീരുന്നതു വിശ്വാസത്താലാണ്.

**5. രക്ഷാനിർണ്ണയം:** രക്ഷിക്കപ്പെടേണ്ടത് ഈ ആയുസ്സിൽ സാധിക്കേണ്ട ഒരു കാര്യമാണ്. മരണാനന്തരം രക്ഷിക്കപ്പെടാൻ സാധിക്കുമെന്നു ഒരു ചെറിയ സൂചന പോലും തിരുവെഴുത്തിലില്ല, സാദ്ധ്യമല്ലെന്നാണു തെളിവുകളെല്ലാം. മരണാനന്തരം ആരും രക്ഷിക്കപ്പെട്ടതായും തെളിവില്ല. ഈ ആയുസ്സിൽത്തന്നെ രക്ഷിക്കപ്പെടാൻ കഴിയുമെന്നു മാത്രമല്ല ആ നിശ്ചയമുള്ളവരായി ജീവിക്കാനും സാധിക്കും. ഈ നിശ്ചയത്തിനാണ് രക്ഷാനിർണ്ണയമെന്നു പറയുന്നത്. കർത്താവു പറയുന്നതു കേൾക്കുക: വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു (യോഹ. 5:24). മരണത്തിൽ നിന്നും ജീവങ്കലേക്കു കടന്നിരിക്കുന്നു എന്നു പറയുന്നതു വ്യക്തവും ഖണ്ഡിതവുമായ ഒരനുഭവമാണ്. മരണാനന്തരം കടക്കും എന്നല്ല, വിശ്വസിക്കുന്ന നിമിഷത്തിൽ കടന്നിരിക്കുന്നു എന്നാണ്. മരണത്തിൽ നിന്നു ജീവങ്കലേക്കു കടക്കുക എന്നു പറഞ്ഞാൽ മരിച്ച അവസ്ഥയിൽ നിന്നു ഉയിർത്ത അവസ്ഥയിലെത്തി എന്നാണല്ലൊ. എഫെ. 2-ൽ പൗലോസും ഇതുതന്നെയാണ് പറയുന്നത്. അതിക്രങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു വാ.1. രക്ഷിക്കപ്പെടുന്നതിനെ പുനരുത്ഥാനത്തോടു ഉപമിച്ചിരിക്കുന്നു. മരിച്ച ഒരാൾ ഉയിർത്താൽ ഉയിർത്തു എന്നു ധൈര്യമായി പറയാം. പൗലോസ് വീണ്ടും പറയുന്നതു കേൾക്കുക, കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫെ. 2:8). രക്ഷിക്കപ്പെടുമെന്നോ രക്ഷിക്കപ്പെട്ടേക്കാമെന്നോ അല്ല, രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നാണ്. സംഭവിച്ചുകഴിഞ്ഞ ഒന്നാണ്. അങ്ങനെ രക്ഷിക്കപ്പെട്ടു എന്നു പറയാൻ കഴിയുന്ന ഒരു സ്ഥിതിയുണ്ടെന്നു തെളിയുന്നു. മുമ്പെ നിങ്ങൾ ഇരുളായിരുന്നു. ഇപ്പോഴൊ കർത്താവിൽ വെളിച്ചം ആകുന്നു (എഫെ. 5:8). പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ 'നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു, എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു' എന്നു പറയുന്നു (1കൊരി. 6:11). ദുഷ്ടപ്രവൃത്തിയിൽ ജീവിച്ച ഒരു കഴിഞ്ഞകാലം, അതിൽ നിന്നു വിടുതൽ കിട്ടിയ ഒരു വർത്തമാനകാലം. ആകയാൽ രക്ഷിക്കപ്പെടുന്നതു യഥാർത്ഥമായ ഒരു അനുഭവമാണ്. രക്ഷി

ക്കപ്പെട്ടെന്ന് ഈ ആയുസ്സിൽ പറയാൻ സാധിക്കുമോ എന്ന് സംശയിക്കുന്നവരുണ്ട്. അങ്ങനെ പറയുന്നതു നിഗളമാണെന്നു കരുതുന്നവരും ഉണ്ട്. അങ്ങനെയുള്ളവർ മുകളിലുദ്ധരിച്ച വാക്യങ്ങൾ ശ്രദ്ധിക്കുക.

## അദ്ധ്യായം 3

# രക്ഷിക്കപ്പെട്ടവർ എന്തുചെയ്യണം?

**1. രക്ഷിക്കപ്പെട്ടവർ സ്നാനമേൽക്കണം:** മത്തായി 28:19,20. കർത്താവിന്റെ അന്ത്യസന്ദേശത്തിൽ ഒന്നാണിത്. സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലായിരിക്കണം. അഥവാ ത്രിയേക ദൈവത്തിന്റെ നാമത്തിലായിരിക്കണം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒരുവൻ സ്നാനപ്പെടുമ്പോൾ പിതാവിന്റെ ദൈവത്വം മാത്രമല്ല പുത്രന്റെ ദൈവത്വവും പരിശുദ്ധാത്മാവിന്റെ ആളത്വവും ദൈവത്വവും കൂടി ഏറ്റു പറയുകയാണ്. സ്നാനപ്പെടണമെന്നുള്ളതു കർത്താവിന്റെ കല്പനയാണ്. സഭയുടെ പ്രാരംഭദിനമായ പെന്തെക്കൊസ്തു ദിവസം രക്ഷിക്കപ്പെട്ട മൂവായിരം യെഹൂദന്മാർ സ്നാനം ഏല്ക്കാൻ പത്രോസ് ആവശ്യപ്പെട്ടു (പ്രവൃ. 2:38). ഫിലിപ്പോസ് ശമര്യ പട്ടണത്തിൽ ചെന്നു പ്രസംഗിക്കയും വിശ്വസിച്ചവരെ സ്നാനപ്പെടുത്തുകയും ചെയ്തു (പ്രവൃ. 8:12). പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു എന്നു പറയുന്നു. കുഞ്ഞുങ്ങളുടെ കാര്യം പറയുന്നില്ല. കാരണം വിശ്വസിക്കുന്നവരെ മാത്രമേ അപ്പോസ്തലകാലത്തു സ്നാനപ്പെടുത്തിയിരുന്നുള്ളു. എത്ത്യോപ്പ്യക്കാരനായ ഷണ്ഡൻ വിശ്വസിച്ചയുടനെ സ്നാനമേറ്റു (പ്രവൃ. 8:38). 'ഞാൻ സ്നാനം ഏല്ക്കുന്നതിന്നു എന്തു വിരോധം' എന്ന് അവൻ ചോദിച്ചു (വാ. 36). ഫിലിപ്പോസ് സുവിശേഷം പറഞ്ഞ കൂട്ടത്തിൽ സ്നാനത്തിന്റെ കാര്യവും പറഞ്ഞു എന്നു തെളിയുന്നു. വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്താൻ കർത്താവു കല്പിച്ചു. സ്നാനപ്പെടുത്തുമ്പോൾ ആ കല്പന നിറവേറ്റുകയാണ്. അതേസമയം വിശ്വസിക്കുന്ന ആളിനു സ്നാനം ഏല്ക്കാനുള്ള ഒരുക്കത്തെ മുൻനിറുത്തിയാണ് സ്നാനമേറ്റു എന്നു പറയുന്നത്. രണ്ടും ആവശ്യമാണ്.

പൗലോസ് രക്ഷിക്കപ്പെട്ടുകഴിഞ്ഞപ്പോൾ സ്നാനപ്പെട്ടു (പ്രവൃ. 9:18). കൊർന്നേല്യൊസിന്റെ വീട്ടിൽ വിശ്വസിച്ചവർ സ്നാനപ്പെട്ടു (പ്രവൃ. 10 :47,48). ലുദിയായും കുടുംബവും വിശ്വസിച്ചതിനെ തുടർന്നു സ്നാനമേറ്റു (പ്രവൃ. 16:15). കാരാഗൃഹപ്രമാണിയും അവനുള്ളവരും രക്ഷിക്കപ്പെട്ടതിനുശേഷം സ്നാനപ്പെട്ടു (പ്രവൃ. 16:33). കുടുംബം എന്നും തനിക്കുള്ളവരെന്നും പറയുന്നതിനാൽ കുടുംബത്തിൽ വിശ്വസിച്ചവരെന്നും തനിക്കുള്ളവരിൽ വിശ്വസിച്ചവരെന്നുമാണർത്ഥം. 'വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു', ദൈവത്തിൽ വിശ്വസിച്ചതിനാൽ വീടടക്കം ആനന്ദിച്ചു എന്നീ പ്രയോഗങ്ങൾ (വാ. 32,34) ഇതിനെ സ്ഥിരീകരിക്കുന്നു.



**2. സ്നാനത്തിന്റെ അർത്ഥം :** വിശ്വസിച്ച ഒരുവൻ ക്രിസ്തുവിനോടുകൂടി മരിച്ചു അടക്കപ്പെട്ടു ഉയിർത്തിരിക്കുന്നതിനെയാണ് സ്നാനം കാണിക്കുന്നത് (റോമ. 6:3,4;കൊലൊ. 2:12). സ്നാനരീതി വെള്ളത്തിൽ മുങ്ങി സ്നാനപ്പെടുകയാണ്, വെറും തളിപ്പല്ല. അല്ലെങ്കിൽ അടക്കം, പുനരുത്ഥാനം ഇവയെ സദൃശീകരിക്കാൻ എങ്ങനെ കഴിയും? വിശ്വസിച്ചു സ്നാനപ്പെടുക എന്ന ക്രമമാണ് പുതിയനിയമത്തിൽ നാം കാണുന്നത്. വിശ്വാസസ്നാനമല്ലാതെ മുതിർന്ന സ്നാനമെന്നു പുതിയ നിയമം പറയുന്നില്ല. സ്നാനത്തിനു പ്രായമില്ല വിശ്വാസമാണ് പ്രധാനവിഷയം. ശിശുക്കളെ സ്നാനപ്പെടുത്താൻ കർത്താവു കല്പിച്ചിട്ടില്ല. ഒരു ശിശുവിനെയെങ്കിലും സ്നാനപ്പെടുത്തിയതായി പുതിയ നിയമത്തിൽ തെളിവില്ല. വിശ്വസിച്ചതിനുശേഷം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏല്ക്കുന്ന സ്നാനത്തെപ്പറ്റിയെ പുതിയനിയമം പറയുന്നുള്ളു. സ്നാപകന്റെ അയോഗ്യതയെ അടിസ്ഥാനമാക്കി വീണ്ടും സ്നാനപ്പെടുത്തിയതായും പുതിയ നിയമം പറയുന്നില്ല.

**3. വേർപെടണം:** രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ഏതെങ്കിലും ഒരു മതത്തിന്റെയോ ക്രൈസ്തവ വിഭാഗത്തിന്റെയോ അംഗമായിരിക്കും. രക്ഷിക്കപ്പെട്ടു കഴിയുമ്പോൾ ദൈവമകനായിത്തീരുന്നു. തുടർന്നുള്ള ജീവിതത്തിനും ആരാധനയ്ക്കും ശുശ്രൂഷയ്ക്കും സേവനത്തിന്നും ദൈവജനത്തിന്റെ അഥവാ രക്ഷിക്കപ്പെട്ടവരുടെ സഹവാസമാണ് അത്യാവശ്യം. ഇവിടെയാണ് വേർപാടിന്റെ ആവശ്യം വരുന്നത്. വചനവിരുദ്ധമായ ഉപദേശങ്ങളിൽ നിന്നും ആചാരങ്ങളിൽ നിന്നും വേർപെട്ടുനില്ക്കണം. ഇതിനെക്കുറിച്ചു തിരുവചനം പറയുന്നത് ഇപ്രകാരമാണ്: "അതുകൊണ്ട് അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായത് ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു" (2 കൊരി. 6:16-17). ദുരുപദേഷ്ടാക്കന്മാരിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും വേർപെട്ടു നില്ക്കണം (2 തിമോ. 2:20,21,2 യോഹ. 9:11). തിന്മയിൽ നിന്ന് വേർപെട്ട് നില്ക്കണം. ലോകം (ലോകവ്യവസ്ഥിതി) ദൈവത്തോടു ശത്രുതാമനോഭാവം പുലർത്തുന്നതാകയാൽ ലോകത്തിൽ നിന്നും അകന്നു നില്ക്കണം (1 യോഹ. 2:15-17; യോഹ. 15:18;19; റോമ. 12:1,2).

**4. ആരാധിക്കണം :** രക്ഷിക്കപ്പെട്ടവർ ദൈവത്തെ ആരാധിക്കുന്നവരായിരിക്കണം. ദൈവം ക്രിസ്തുവിൽ നിറവേറ്റിയ വീണ്ടെടുപ്പാണ് ആരാധനയുടെ അടിസ്ഥാനം. ആരാധനയിൽ നാം ദൈവത്തോടു ചോദിച്ചു വാങ്ങുകയല്ല, ദൈവത്തിന്നു കൊടുക്കുകയാണ്. സ്തുതിയും സ്തോത്രവുമാകുന്ന യാഗം അർപ്പിക്കയാണ് (എബ്രാ. 12:15). രക്ഷിക്കപ്പെടുമ്പോൾ നാം ദൈവമക്കളായിത്തീരുന്നു; മാത്രമല്ല ദൈവസന്നിധിയിലേക്കു കടന്നു ചെന്ന് ആരാധിക്കാൻ കഴിയുന്ന പുരോഹിതവർഗ്ഗമായും തീരുന്നു (1 പത്രോ. 2:4,5,9).

ദൈവത്തെ ആത്മാവിലും സത്യത്തിലും നമസ്കരിക്കണമെന്നാണ് കർത്താവു ശമര്യസ്ത്രീയോടു പറഞ്ഞത്. 'സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു (യോഹ. 4:23). മക്കളാണ് ആരാധിക്കുന്നത്. പിതാവിനെയാണ് ആരാധിക്കുന്നത്.' അതുകൊണ്ട് രക്ഷിക്കപ്പെടാത്തവർക്ക് ആരാധിപ്പാൻ കഴികയില്ല. ആരാധനയ്ക്കു പ്രത്യേക സ്ഥലമോ ചടങ്ങുകളോ ഇല്ല. പുതിയ നിയമ ആരാധനയിൽ എവിടെ ആരാധിക്കുന്നു എന്നതിനേക്കാൾ പ്രധാനം ആര് ആരെ ആരാധിക്കുന്നു എന്നതാണ്.

പുതിയനിയമ ആരാധനയിൽ തിരുവത്താഴ ശുശ്രൂഷയ്ക്കു വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്. 'അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു' (പ്രവൃ. 2:42). കർത്താവിന്റെ കല്പനപ്രകാരം കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനുമാണ് തിരുവത്താഴം ആചരിക്കുന്നത് (ലൂക്കോ. 22:19). ശരീരത്തിന്റെ ഓർമ്മയ്ക്കായി അപ്പവും രക്തത്തിന്റെ ഓർമ്മയ്ക്കായി പാനപാത്രവും തന്നിരിക്കുന്നു. ഈ അപ്പവീഞ്ഞുകൾ ശരീരവും രക്തവുമായി മാറുന്നില്ല. നാം ഭക്ഷിക്കുന്നതു അപ്പമാണ്. കുടിക്കുന്നത് വീഞ്ഞാണ്. തിരുവത്താഴത്തിന്റെ ഉപദേശം പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നത് 1 കൊരി. 11-ലാണ്. അവിടെ അപ്പോസ്തലൻ പറയുന്നത് 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു' (വാ. 16). തിരുവത്താഴത്തിൽ പങ്കെടുക്കുന്നതിനാൽ പാപമോചനം ഉണ്ടാകുന്നില്ല. വിശ്വാസത്താൽ പാപമോചനം പ്രാപിച്ചവരാണ് ഇതിൽ പങ്കെടുക്കുന്നത്. കർത്താവു രക്ഷിക്കപ്പെട്ടവർക്കായി നിയമിച്ച രണ്ടു ബാഹ്യകർമ്മങ്ങളായ സ്നാനവും തിരുവത്താഴവും നാമധേയ ക്രൈസ്തവ ലോകം പാപമോചനത്തിനുള്ള ഉപാധികളായി മാറ്റി!

<u>**അദ്ധ്യായം 4**</u>

## ക്രൈസ്തവ ജീവിതവും ശുശ്രൂഷയും

ക്രിസ്തു വിശ്വാസത്തിൽ കൂടി ജീവിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം. 'ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു' (ഗലാ. 2:20). ക്രിസ്തു മുന്തിരിവള്ളിയും വിശ്വാസികൾ കൊമ്പുകളുമാകുന്നു (യോഹ. 15:5). ക്രിസ്തുവിനോടുള്ള ബന്ധം ജീവൽ ബന്ധമാണ്. ക്രിസ്തുവിന്റെ ജീവരസം നമ്മിലേക്കു പ്രവഹിക്കുകയും അങ്ങനെ ഫലകരമായ 'ജീവിതത്തിനും ശുശ്രൂഷയ്ക്കും നാം പ്രാപ്തരാകയും ചെയ്യുന്നു. മുന്തിരിവള്ളി കൊമ്പുകൾ വഴി മുന്തിരിങ്ങ കായ്ക്കുന്നതു പോലെ ക്രിസ്തുവിനോടുള്ള ഐക്യത്തിന്റെ ഫലമായി നമ്മിൽ ആത്മാവിന്റെ ഫലം കായ്ക്കാൻ ഇടയാകുന്നു' (ഗലാ. 5:22,23). പാപപ്രവൃത്തികൾക്കു പകരം സൽപ്രവൃത്തികൾ ചെയ്യാൻ നാം പ്രാപ്തരായിത്തീരുന്നു.



## ക്രൈസ്തവ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1. സാക്ഷ്യം:** കർത്താവായ യേശുക്രിസ്തു രക്ഷകനും കർത്താവുമെന്നു നമ്മുടെ അധരങ്ങളാൽ നാം മറ്റുള്ളവരോടു സാക്ഷിക്കണം. വിശ്വസിച്ച് രക്ഷിക്കപ്പെട്ടപ്പോൾ ഒരു ഏറ്റുപറച്ചിൽ നടന്നു (റോമ. 10:9). മറ്റുള്ളവരുടെ മുമ്പിൽ കർത്താവിനെ സാക്ഷിയാക്കണമെന്ന് കർത്താവ് കല്പിച്ചിരിക്കുന്നു (മത്താ. 10:32). അങ്ങനെ ചെയ്യുന്നത് അവരെ രക്ഷയിലേക്കു നടത്തുമെന്നു മാത്രമല്ല നമ്മുടെ നില പാലിക്കുന്നതിനു നമ്മെ സഹായിക്കുകയും ചെയ്യും.

**2. സൽപ്രവൃത്തികൾ :** രക്ഷയ്ക്കു സൽപ്രവൃത്തികൾ ആവശ്യമായിരുന്നില്ല. എന്നാൽ രക്ഷിക്കപ്പെട്ടതിന്റെ തെളിവായി സൽപ്രവൃത്തികൾ ആവശ്യമാണ്. നമ്മെ സൽപ്രവൃത്തികൾക്കായിട്ടാണ് ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കിയിരിക്കുന്നത് (എഫെ. 2:10). സൽപ്രവൃത്തികൾകൊണ്ട് രക്ഷ പ്രാപിക്കാനാണ് ഇതരമതങ്ങൾ പഠിപ്പിക്കുന്നത്. പുതിയ നിയമമാകട്ടെ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടിട്ട് സൽപ്രവൃത്തികൾ ചെയ്യാൻ ആവശ്യപ്പെടുന്നു. 'ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിക്കണം' (തീത്തോ. 3:8).

**3. പ്രാർത്ഥന:** ആത്മിക ജീവിതത്തിന്റെ ശക്തികേന്ദ്രം പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്ത ജീവിതം പരാജയത്തിന്റെ രംഗമാണ്. സാത്താന്റെ പരീക്ഷകളെ ജയിക്കുന്നതിനു പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിക്കുന്നതിനു കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു. പ്രാർത്ഥനയിലാണ് ദൈവഹിതം നാം മനസ്സിലാക്കുന്നത്. ദൈവത്തോട് ഏതാനും കാര്യങ്ങൾ പറയാൻ മാത്രമുള്ള സമയമല്ല പ്രാർത്ഥന. ദൈവവുമായി സംസർഗ്ഗം ചെയ്തു ശക്തി സംഭരിക്കുന്ന സമയം കൂടിയാണ്. ഏതു നേരത്തും പ്രാർത്ഥിക്കുക, ഇടവിടാതെ പ്രാർത്ഥിക്കുക എന്നിത്യാദി കല്പനകൾ നമുക്കുണ്ട് (റോമ. 12:13; ഫിലി. 4:6; 1 തെസ്സ. 5:17).

**4. ദൈവവചന പാരായണവും ധ്യാനവും :** പ്രാർത്ഥന ആത്മിക ജീവിതത്തിലെ ശ്വാസോച്ഛ്വാസവും ദൈവവചനം ആത്മിക ശിശുവിന്റെ ആഹാരവുമാണ്. വചനമാകുന്ന പാൽ കുടിച്ചാണ് നാം വളരേണ്ടത് (1 പത്രോ. 2:1,2). വചനം ആഹാരം മാത്രമല്ല, വെളിച്ചവുമാണ്. 'നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു' (സങ്കീ. 119:105). വചനത്തിനു ശുദ്ധീകരിപ്പാൻ കഴിവുണ്ട് (യോഹ. 15:3). സാത്താനോട് യുദ്ധം ചെയ്യാനുള്ള ആത്മാവിന്റെ വാളാണ് വചനം (എഫെ. 6:17). എഴുതപ്പെട്ട വചനം വഴിയാണ് ദൈവത്തിന്റെ ആലോചന നാം ഇന്ന് മനസ്സിലാക്കുന്നത്. സഭയുടെ ഉപദേശത്തിന്നും ആചാരത്തിനും എഴുതപ്പെട്ട വചനം മാത്രമാണ് പ്രമാണം. പാരമ്പര്യമോ ചരിത്രമോ അല്ല. ദൈവാത്മാവിന്റെ പ്രകാശനം വഴിയാണ് വചനസത്യം നാം ഗ്രഹിക്കുന്നത്. വചനം വായിച്ചാൽ മാത്രം പോരാ

അതു ധ്യാനിക്കയും ചെയ്യണം (സങ്കീ. 1:3). ധ്യാനം അയവിറക്കുന്നതിനു തുല്യമാണ്.

**5. സമർപ്പണം:** ഒരു വിശ്വാസി തന്നെത്തന്നെയും തനിക്കുള്ളതിനെയും ദൈവമഹത്വത്തിനായി സമർപ്പിക്കണം (റോമ. 12:1). ഇതിൽ ആത്മാവും ശരീരവും പണവും സമയവും എല്ലാം ഉൾപ്പെടുന്നു. ദൈവമക്കൾക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമായി കരുതണം. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണ്. അതിനാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം (1കൊരി.6:20). നാം ദൈവത്തിന്റെ ഗൃഹവിചാരകന്മാരാണ്. നാം ഒന്നിന്റെയും ഉടമസ്ഥരല്ല, സൂക്ഷിപ്പുകാരാണ്. നമ്മുടെ പണം കർത്താവിന്റെ വേലയ്ക്കും ദൈവജനത്തിന്റെ ബുദ്ധിമുട്ടു തീർക്കുന്നതിനും നാം ചെലവിടണം. അതിഥി സൽക്കാരവും നമ്മുടെ കർത്തവ്യത്തിൽ പെട്ടതാണ് (റോമ. 12 :13;എബ്രാ. 13:1; പ്രവൃ.16:15).

നമ്മുടെ ജീവിതം മൊത്തത്തിൽ മാതൃകാജീവിതമായിരിക്കണം. മാതൃകയുള്ളവരും സാക്ഷ്യമുള്ളവരുമല്ലെങ്കിൽ നമ്മുടെ വാക്കുകളെ ആളുകൾ ആദരിക്കയില്ല. നാം സുവിശേഷത്തിനു തടസ്സമായിത്തീരും.

## അദ്ധ്യായം 5

# ക്രിസ്തീയ ജീവിതത്തിലെ ശത്രുക്കൾ

**1. ലോകം:** നാം ലോകക്കാരല്ല. എന്നാൽ നാം ലോകത്തിലാണ്. അതുകൊണ്ട് ഈ ലോകം നമുക്കെതിരാണ് (യോഹ. 15:19). ലോകമെന്നു പറയുന്നത് ദൈവത്തോട് ശത്രുതയുള്ളതും ദൈവിക കാര്യങ്ങളോട് വെറുപ്പുള്ളതുമായ ഒരു വ്യവസ്ഥിതിയാണ്. ഈ ലോകത്തോടുള്ള സ്നേഹം ദൈവത്തോടു ശത്രുത്വം ആണ്. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഈ ലോകത്തോടു അനുരൂപപ്പെടരുത് (യാക്കോ. 4:4;1 യോഹ. 2:15; റോമ. 12:1). ലോകത്തിന്റെ ആർഭാടങ്ങൾ, വെറിക്കൂത്തുകൾ, വേഷങ്ങൾ ആദിയായവയെല്ലാം ലോകമെന്ന വാക്കിന്റെ പരിധിയിൽപ്പെടും (1 യോഹ. 2:16).

**2. ജഡം:** ഇതു നമ്മുടെ പാപസ്വഭാവമാണ്. അതായത് നമ്മുടെ പഴയ പ്രകൃതി. വീണ്ടും ജനനത്തിൽ ഒരു പുതിയ പ്രകൃതി നമുക്കു ലഭിച്ചു, എന്നാൽ പഴയ പാപപ്രകൃതിയും നമ്മിലുണ്ട്. ദൈവാത്മാവിന്റെ നിയന്ത്രണത്തിലല്ലാതെ വന്നാൽ നാം ജഡത്തിന്റെ നിയന്ത്രണത്തിലാകും (ഗലാ. 5:16,17).

**3. പിശാച്:** അവൻ ദൈവത്തിന്റെ എന്നപോലെ ദൈവമക്കളുടേയും എതിരാളിയാണ് (1 പത്രോ. 5:8). അവരെ തെറ്റിക്കുന്നതിനു അവൻ ചില



പ്പോൾ വെളിച്ചദൂതന്റെ വേഷം ധരിക്കും (2 കൊരി11:14). അവനോട് നാം എതിർത്തു നില്ക്കണം (1 പത്രോ. 5:9). ദുഷ്ടന്റെ തീയമ്പുകളെ കെടുക്കുവാൻ വിശ്വാസം എന്ന പരിച എടുക്കാൻ കല്പിച്ചിരിക്കുന്നു (എഫെ. 6:6). പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നില്ക്കുന്നതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം (എഫെ. 6:11).

## അദ്ധ്യായം 6

# പ്രത്യാശ

ഒരു വിശ്വാസി പ്രത്യാശയുള്ളവനാണ്. രക്ഷിക്കപ്പെടുന്നതിനു മുമ്പ് പ്രത്യാശയില്ലായിരുന്നു (എഫെ. 2:12). ഭാവിയെപ്പറ്റിയുള്ള ശുഭകരമായ പ്രതീക്ഷയാണ് പ്രത്യാശ. നമ്മുടെ രക്ഷയുടെയും ജീവിതത്തിന്റെയും കേന്ദ്രം ക്രിസ്തുവായിരിക്കുന്നതു പോലെ പ്രത്യാശയുടെയും കേന്ദ്രം ക്രിസ്തുവാണ് (1 തിമോ. 1:1). ഭാവിഭാഗ്യങ്ങളിലേക്കു നമ്മെ എത്തിക്കുന്നത് ഈ പ്രത്യാശയാകയാൽ ഇതിനെ ഭാഗ്യകരമായ പ്രത്യാശ എന്നു വിളിച്ചിരിക്കുന്നു (തീത്തോ. 2:12).

യേശുക്രിസ്തു വീണ്ടും വരുന്നതാണ് ഈ പ്രത്യാശയുടെ പൊരുൾ (യോഹ. 14:1-3). താൻ ഇരിക്കുന്നിടത്തു തന്റെ ജനവും ഇരിക്കും എന്നാണ് വാഗ്ദത്തം. ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ മാത്രമല്ല മരിച്ചുപോയ വിശ്വാസികളും ഇതിൽ പങ്കുള്ളവരാണ് (1തെസ്സ. 4:13-16). കർത്താവ് ആകാശത്തിൽ വരുമ്പോൾ ജീവിച്ചിരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെടുകയും മരിച്ചുപോയവർ ഉയിർക്കുകയും ചെയ്യും (1 കൊരി. 15:52). ഈ വരവിൽ സഭയുടെ ഉൽപ്രാപണം അഥവാ ആകാശത്തിലേക്ക് എടുത്തുകൊള്ളപ്പെടൽ നടക്കുന്നു. അതായത് നാം ക്രിസ്തുവിന്റെ അടുക്കലേക്ക് ചേർക്കപ്പെടുന്നു. നമ്മുടെ ശരീരത്തിന് തേജസ്ക്കരണം ലഭിച്ച് ക്രിസ്തുവിന്റെ ശരീരത്തിനു തുല്യമായിത്തീരുന്നു (ഫിലി. 3:21). ഈ വരവിനെയാണ് സഭ കാത്തിരിക്കുന്നത് (ഫിലി. 2:30; 1കൊരി.1:7). അതിനുശേഷം അവരുടെ ശുശ്രൂഷകൾക്ക് പ്രതിഫലം നൽകും. ഈ ഘട്ടത്തെ ക്രിസ്തുവിന്റെ നാൾ എന്നു വിളിച്ചിരിക്കുന്നു (2 തിമോ. 4:7;8; ഫിലി. 2:16).

ഇതിനുശേഷം സഭയോടു കൂടി കർത്താവു ഭൂമിയിലേക്കു വരും. ഇതാണ് മനുഷ്യപുത്രന്റെ വരവ് (മത്താ. 24:30). യിസ്രായേലിനോടുള്ള വാഗ്ദത്തം നിറവേറ്റാനാണ് ഈ വരവ്. ഈ ഘട്ടത്തിലായിരിക്കും ഭൂമിയിൽ മഹോപദ്രവവും അന്തിക്രിസ്തുവിന്റെ ഭരണവും. ഈ വരവിനു മഹത്വപ്രത്യക്ഷത എന്നു പറയുന്നു. ഇതിന്റെ ഫലമായി അന്തിക്രിസ്തുവിനെ നീക്കുകയും യിസ്രായേൽ ജനത്തെ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും കൂട്ടിച്ചേർക്കയും ലോകഭരണം കർത്താവ് ഏറ്റെടുക്കയും ചെയ്യുന്നു. പിന്നെ ഒരായിരം വർഷം യെരുശലേമിനെ കേന്ദ്രമാക്കി യിസ്രായേലിന്റെ രാജാവായി, പ്രവാചകന്മാർ പറ

ഞ്ഞിരിക്കുന്നതുപോലെ കർത്താവ് ഭരിക്കും. ഇതാണ് സഹസ്രാബ്ദഭരണം. ഇതിനുശേഷം അന്ത്യന്യായവിധി നടക്കും. മരിച്ചുപോയ സകല ദുഷ്ടന്മാരും ഉയിർക്കും. അവർക്ക് നിത്യശിക്ഷാവിധി എന്ന തീർപ്പ് കല്പിക്കും.

പ്രിയ വായനക്കാരാ, നിന്റെ നിത്യത എവിടെ ചെലവിടും?

ദൈവപുത്രനും ലോകരക്ഷിതാവുമായ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി ഹൃദയത്തിലേക്ക് സ്വീകരിക്കുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ താഴെപ്പറയുന്ന ലഘുപ്രാർത്ഥന, ആത്മാർത്ഥമായി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് ആത്മരക്ഷ സ്വന്തമാക്കുക.

*യേശു കർത്താവേ, ഞാൻ ഒരു പാപിയാണെന്നും എനിക്ക് പാപക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും എന്നെ വീണ്ടെടുക്കാൻ വേണ്ടിയാണ് അങ്ങ് കാൽവറി കുരിശിൽ മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുന്നു. എന്നെ അങ്ങയുടെ പൈതലായി തീർക്കേണമേ ആമേൻ.*

ദൈവസന്നിധിയിൽ, ആത്മാർത്ഥതയോടെ നിങ്ങൾ പ്രാർത്ഥിച്ചുവെങ്കിൽ നിങ്ങൾ ഒരു ദൈവപൈതലായിത്തീർന്നിട്ടുണ്ട്. എങ്കിൽ ദയവായി ഇതോടൊപ്പമുള്ള പ്രതികരണ കാർഡ് പൂരിപ്പിച്ച് അയച്ചുതരിക.

ഒരു സൗജന്യ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിനായി എഴുതുക.
Emmaus Center
P.O. Box - 4, Puthuppally P.O.
Kottayam, Kerala - 689 124



## പ്രതികരണ കാർഡ്

എന്റെ പേര് ........................................

മേൽവിലാസം ........................................

ഫോൺ ........................................

ഇ-മെയിൽ ........................................

ഉചിതമായ കോളത്തിൽ ✓ ചെയ്യുക

☐ ഞാൻ നേരത്തെ യേശുവിനെ രക്ഷകനായി സ്വീകരിച്ചതാണ്.

☐ ഈ വിഷയത്തെപ്പറ്റി കൂടുതൽ അറിയാൻ താല്പര്യമുണ്ട്.

☐ മറ്റെന്തെങ്കിലും തീരുമാനങ്ങൾ.

ഈ തീരുമാന കാർഡ് താഴെപ്പറയുന്ന വിലാസത്തിൽ അയച്ചുതന്നാലും.